പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5902

09.07.2012 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ബോധവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉപഭോക്തൃ ബോധവൽക്കരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. 2011-2012 സാമ്പത്തിക വർഷം, ഉപഭോക്തൃ ബോധവത്കരണ പരിപാടികൾ നടത്തുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച 28 ലക്ഷം രൂപ, 2 ലക്ഷം രൂപ വീതം 14 ജില്ലകൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് വിവിധങ്ങളായ ഉപഭോക്തൃ ബോധവത്കരണ പരിപാടികൾ ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2011-ാം ആണ്ടിലെ ദേശീയ ഉപഭോക്തൃ ദിനം (ഡിസംബർ 24), 2012-ാം ആണ്ടിലെ ലോക ഉപഭോക്തൃ അവകാശ ദിനം (മാർച്ച് 15) എന്നിവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിക്കുകയുണ്ടായി. ദേശീയ ഉപഭോക്തൃ ദിനാചരണത്തോടനുബന്ധിച്ച് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പിന്റെ ഒരു സ്റ്റാൾ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുകയുണ്ടായി.<br><br>ഉപഭോക്തൃ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ 52 ലക്ഷം രൂപ ഇപ്പോൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 21 ലക്ഷം രൂപ ജില്ലകൾക്കായും, 31 ലക്ഷം രൂപ എക്സിബിഷൻ, ലഘുലേഖ പ്രസിദ്ധീകരണം, ട്രെയിനിംഗ് എന്നിവയ്ക്കായും ആണ് വകയിരുത്തിയിരിക്കുന്നത്. തുക വിനിയോഗിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ബി) സ്കൂളുകൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) സ്കൂൾ കുട്ടികളിൽ ഉപഭോക്തൃ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ കൺസ്യൂമർ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഉപഭോക്തൃ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാല് സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ കീഴിലാണ് ടി ക്ലബുകൾ പ്രവർത്തിച്ചുവരുന്നത് |

സെക്ഷൻ ഓഫീസർ